Syro Malabar Commission for Liturgy




# വി. മാക്സിമില്ല്യൻ കോൾബേ

ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്ന ഇടയന്റെ ചിത്രം ധ്യാനിക്കാൻ വേണ്ടി മാത്രമല്ല; ജീവിതത്തിൽ പകർത്താൻ കൂടിയുള്ളതാണെന്ന് സ്വജീവിതം കൊണ്ട് തെളിയിച്ച ധീരരക്തസാക്ഷിയായ സന്യാസവര്യനാണ് വി. മാക്സിമില്ല്യൻ മരിയ കോൾബേ.

പോളണ്ടിലെ 'വുൻസ്ക്കവോള' എന്ന കൊച്ചുഗ്രാമത്തിൽ ദൈവഭക്തരായ ജൂലിയസ്-മരിയാന്ന ദമ്പതിമാരുടെ രണ്ടാമത്തെ പുത്രനായി 1894 ജനുവരി 8-ന് വിശുദ്ധൻ ജനിച്ചു. കുട്ടി ജനിച്ചതിന്റെ സന്തോഷത്തിൽ പങ്കുചേരാനെത്തിയ അയൽക്കാർ "നിങ്ങൾ ഇവനെയും ഒരു വൈദികനാക്കാൻ തീരുമാനിച്ചിട്ടുണ്ടാകുമല്ലോ?" എന്ന ചോദ്യത്തിന് പിതാവ് ജൂലിയസിന്റെ മറുപടി ഇപ്രകാരമായിരുന്നു. "ഒരിക്കലുമില്ല, ഇവനെയല്ല മൂത്തമകൻ ഫ്രാൻസിസിനെയാണ് വൈദികനാക്കുന്നത്. രണ്ടുപേരെയും പഠിപ്പിക്കാനുള്ള സാമ്പത്തിക ഭദ്രത ഞങ്ങൾക്ക് ഇല്ല. ഇവൻ എന്നോടൊപ്പം നെയ്ത്തു ജോലിയിൽ സഹായിച്ച് നല്ല നെയ്ത്തുകാരനായി മാറുകയും കുടുംബം പുലർത്തുകയും ചെയ്യട്ടെ". മനുഷ്യന്റെ കണക്കുകൂട്ടലുകളെ തെറ്റിക്കുന്ന ദൈവം ജൂലിയസിന്റെ കണക്കുകൂട്ടലിനേയും തകിടം മറിച്ചു. ഈ ബാലൻ ദൈവമാതൃഭക്തിയുള്ള ഒരു ജനതയെ പോളണ്ടിൽ മാത്രമല്ല ലോകത്തിന്റെ നനാഭാഗത്തും നെയ്തെടുക്കണമെന്നായിരുന്നു ദൈവത്തിന്റെ തിരുവിഷ്ടം.

ദൈവത്തിന് സമർപ്പിക്കുമ്പോൾ പൂർണ്ണമായി സമർപ്പിക്കണം എന്ന സത്യം വിശുദ്ധ ഗ്രന്ഥത്തിൽ ആബേലിന്റെ ബലിമുതൽ വെളിപ്പെടുത്തുന്ന സത്യമാണ്. വിളവിന്റെ ഒരു ഭാഗം മാത്രം സമർപ്പിച്ച കായേന്റെ ബലി സ്വീകരിക്കപ്പെടാതെ പോയി. വിറ്റു കിട്ടിയ സമ്പത്തിന്റെ ഒരുഭാഗം തങ്ങളുടെ കരുതലിനുവേണ്ടി മാറ്റിവയ്ക്കാൻ ശ്രമിച്ച അനനിയാസ്-സഫീറാ ദമ്പതികളുടെ ജീവിതം മരണത്തിൽ കലാശിച്ചു. ചെറുപ്പത്തിൽ തനിക്ക് പ്രത്യക്ഷയായ കന്യകാമറിയത്തിൽ നിന്നും വിശുദ്ധിയുടെയും, രക്തസാക്ഷിത്വത്തിന്റേയും കിരീടങ്ങൾ ചോദിച്ചു വാങ്ങിയ കോൾബേ പാതിവഴിയിൽ തളർന്നില്ല. രക്ഷപ്പെട്ട തടവുകാരന് പകരമായി 10 പേർ കൊല്ലപ്പെടണം എന്ന കിരാതന നിയമവുമായി കൺമുൻമ്പിൽ നിന്ന് 10 പേരെ കൊല്ലപ്പെടാനായി തിരഞ്ഞെടുത്തപ്പോൾ

“എന്റെ മക്കൾ, അവരെ എനിക്കിനി കാണാനാവില്ലല്ലോ” എന്ന് അലമുറയിട്ട് കരയുന്ന ഫ്രാൻസിസ് ഗയോണിഷിക്ക് എന്ന മനുഷ്യന്റെ രോദനത്തിന് “ഈ മനുഷ്യന് പകരം ഞാൻ മരിക്കാം” എന്ന് പ്രഖ്യാപിച്ചുകൊണ്ട് നാസി ആരാച്ചരുടെ ഇടയിലേക്ക് ശാന്തമായി കോൾബേ ഇറങ്ങി ചെല്ലുമ്പോൾ, നൂറ്റാണ്ടുകൾക്ക് മുൻപ് ജോസഫ് എന്ന പൂർവ്വപിതാവിന്റെ മുൻപിൽ തന്റെ സഹോദരങ്ങൾ കുമ്പിടുമ്പോൾ നക്ഷത്രങ്ങൾ തന്നെ താണുവണങ്ങുന്നത് ഓർമയിലുദിച്ച ജോസഫിന്റെ അതേ മനോഭാവം തന്നെയായിരിക്കാം കോൾബേക്കും ഉണ്ടായിരുന്നത്. ചെറുപ്പത്തിൽ പരിശുദ്ധ കന്യകാമാതാവ് തനിക്ക് പ്രത്യക്ഷപ്പെട്ട് നല്കിയ വിശുദ്ധിയുടെ വെള്ളകിരീടവും, രക്തസാക്ഷിത്വത്തിന്റെ ചുവന്ന കിരീടവും സ്വായത്തമാക്കുന്ന അനുഗ്രഹ നിമിഷങ്ങൾ.

ലോകത്തിന്റെ ഏതാണ്ട് എല്ലാ രാജ്യങ്ങളിലും പടർന്ന് പന്തലിച്ച് കിടക്കുന്ന ഫ്രാൻസിസ്കൻ കൺവഞ്ചൽ സഭക്ക് പോളണ്ടിൽ അംഗസഖ്യ കൂടുതലാണ്. ഫ്രാൻസിസ്കൻ ജീവിതചര്യയിലൂടെ കോൾബേ നല്കിയ മാതൃകതന്നെയാണിതിന് കാരണം. സന്യസ്തന്റെ സ്വപ്നം ദൈവരാജ്യത്തിന്റെ വ്യാപനമായിരിക്കണം. ഈ സ്വപ്നം നിരന്തരം കണ്ടവനാണ് കോൾബേ. ആ സ്വപ്നത്തിന്റെ ആലസ്യത്തിൽ മയങ്ങികിടക്കുകയല്ല, സ്വപ്നങ്ങൾ പൂർത്തീകരിക്കാൻ ലോകം മുഴുവനും തന്റെ കൂടെ ഉണ്ടായിരിക്കും എന്ന് വിശ്വസിച്ചുകൊണ്ട് ഇറങ്ങി പുറപ്പെട്ട അമലോത്ഭവയുടെ ധീരപടയാളി. അമലോത്ഭവ മാതാവിലൂടെ ലോകം മുഴുവൻ ദൈവത്തിനായി നേടുന്നതിനുവേണ്ടി കോൾബേ സഞ്ചരിച്ച വഴികൾ പൂർവ്വപിതാവായ അബ്രാഹത്തിന്റെ തീക്ഷണയാത്ര പോലെ സാഹസികവും വിശുദ്ധവുമാണ്. ‘അമലോത്ഭവരുടെ ധീര പടയാളികൾ’ എന്ന ഒരു മരിയൻ സേന ദൈവരാജ്യ സ്വപ്നത്തിനുവേണ്ടി സംഘടിപ്പിച്ച കോൾബേ അന്നത്തെ എല്ലാ ആധുനിക മേന്മകളും ദൈവരാജ്യ പ്രഘോഷണത്തിനായി ഉപയോഗിച്ചു. അന്ന് വിശുദ്ധൻ സ്ഥാപിച്ച റേഡിയോ സ്റ്റേഷനും, പത്ര മാസിക പ്രവർത്തനങ്ങളും ഇന്നും നിലനില്ക്കുന്നത് അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തിന്റെ തിരുശേഷിപ്പുകളാണ്.

വിളിച്ചവനോട് വിശ്വസ്തതയോടെ നിലകൊണ്ട് അവന്റെ മഹത്വത്തിനുവേണ്ടി ഏതറ്റംവരെ പോകാനും ചങ്കൂറ്റം കാണിച്ച ഈ വിശുദ്ധൻ ഇന്നത്തെ സമർപ്പിത ജീവിതത്തിനും, വിശ്വാസ ജീവിതത്തിനും യോജിച്ച മാതൃകതന്നെ.

തയ്യാറാക്കിയത്,
ഫാ.മരിയദാസ് O.F.M. Conv
കറുകുറ്റി
14-08-2021

സീറോമലബാർ ആരാധനക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്,കാക്കനാട്
Read More:www.syromalabarliturgy.org